## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 194

13.02.2013 ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ ബാധകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബാധകമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിലെ സഹകരണ ബാങ്കുകളിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളാണ്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ ബാങ്കിംഗ് പ്രവർത്തനം സംബന്ധിച്ച് പ്രത്യേകമായോ, പൊതുവായോ ഉള്ള നിർദ്ദേശങ്ങൾ നൽകാൻ നബാർഡിന് അധികാരമുണ്ട്. അർബൻ സഹകരണ ബാങ്കുകളുടെ ബാങ്കിംഗ് പ്രവർത്തനം സംബന്ധിച്ച് നിർദ്ദേശം നൽകാനുള്ള അധികാരം റിസർവ് ബാങ്കിൽ നിക്ഷിപ്തമാണ്. മേൽ പരാമർശിച്ച ബാങ്കുകളുടെ എല്ലാ തരത്തിലുള്ള ബാങ്കിംഗ് ഇടപാടുകളും സംബന്ധിച്ചുള്ള റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ ടി ബാങ്കുകൾക്ക് ബാധകമാണ്. ബാങ്കിംഗ് റഗുലേഷൻ (ഭേദഗതി) ബിൽ പാർലമെന്റിൽ പാസ്സായതിന്റെ അടിസ്ഥാനത്തിൽ ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങളെ ടി |

നിയമം എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചു വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സഹകരണ സംഘങ്ങളിലെ നിക്ഷേപകരെ സംബന്ധിച്ചുള്ള വിവരങ്ങൾ ആദായ നികുതി വകുപ്പിന് ഇപ്പോൾ കൈമാറുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ചില ജില്ലകളിലുള്ള സഹകരണ സംഘങ്ങളിലും സഹകരണ ബാങ്കുകളിലും നിക്ഷേപം നടത്തിയിട്ടുള്ള നിക്ഷേപകരുടെ വിവരങ്ങൾ കൈമാറാൻ ആദായ നികുതി വകുപ്പ് നേരിട്ട് സഹകരണ സംഘങ്ങൾക്കും സഹകരണ ബാങ്കുകൾക്കും നോട്ടീസ് നൽകുന്നുണ്ട്. ആദായ നികുതി വകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നിക്ഷേപകരെ സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നുണ്ട്.

(സി) റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ മൂലം നിക്ഷേപകർക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(സി) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ചേരണമെന്നും അവർ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് ഒരു നിശ്ചിത തുക പ്രീമിയം അടയ്ക്കണമെന്നും റിസർവ് ബാങ്കും, നബാർഡും നിർദ്ദേശം നൽകാറുണ്ട്. നിക്ഷേപകരുടെ ഒരു ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ടി സ്കീം പ്രകാരം ഗ്യാരന്റി ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ